**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6591** **11-07-2024 - ൽ മറുപടിയ്ക്ക്**

**ചവറ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചവറ മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പൊതുമരാമത്ത് പ്രവൃത്തികളിൽ നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും നിർമ്മാണം ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണവും വ്യക്തമാക്കുമോ; | (എ) | **നിരത്ത് വിഭാഗം**<br><br>അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>**കെട്ടിട വിഭാഗം**<br><br>അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>**ദേശീയപാത വിഭാഗം**<br><br>OLD NH 66 ൽ ആൽത്തറമൂട് (CH 489/000) മുതൽ രാമൻകുളങ്ങര(CH:491/500) വരെയുള്ള ഭാഗമാണ് ചവറ നിയോജക മണ്ഡലത്തിന്റെ ഭാഗമായി വരുന്നത്. ടി ഭാഗം ഉൾപ്പെട്ട Traffic Safety- BC overlay from Altharamoodu(Ch: 489/000) to Mevaram (Ch:502/800) എന്ന പ്രവൃത്തിയുടെ റീ ടെണ്ടർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br><br>OLD NH 66 ൽ ആൽത്തറമൂട് (Ch: 489/000) മുതൽ രാമൻകുളങ്ങര(Ch:491/500) വരെയുള്ള ഭാഗമാണ് ചവറ നിയോജക മണ്ഡലത്തിന്റെ ഭാഗമായി വരുന്നത്. ടി ഭാഗം ഉൾപ്പെട്ട Road Safety measures from Altharamoodu to Mevaram (Ch: 489/000 to 502/800) in Kollam District എന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. നിലവിൽ മഴമൂലം ടി പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്.<br><br>**പാലങ്ങൾ വിഭാഗം**<br><br>തെക്കുംഭാഗം - കൊച്ചുതുരുത്ത് പാലം നിർമ്മാണത്തിന് GO(Rt)No. 743/2023-PWD, തീയതി 07/06/2023 ഉത്തരവ് പ്രകാരം 14.33 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഇരുകരകളിലേയും ഭൂമി ഫ്രീ സറണ്ടറായി ലഭിക്കുമെന്ന ഉറപ്പിൻമേലാണ് ടി |

പ്രവൃത്തിക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നാൽ തെക്കുംഭാഗം - കാടൻമൂല ഭാഗത്ത് പാലത്തിന്റെ അലൈൻമെന്റിൽ വരുന്ന രണ്ട് വ്യക്തികളുടെ ഭൂമിയിൽ ഒരു വ്യക്തി മാത്രമേ ഭൂമി ഫ്രീ സറണ്ടറായി നല്ലാൻ സമ്മതിച്ചിട്ടുള്ളൂ. ശ്രീ.രാജശേഖരൻ എന്ന വ്യക്തിയുടെ ഭൂമി നടപടികളിലൂടെ മാത്രമേ വിട്ടു നൽകാൻ കഴിയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം തഹസിൽദാരുടെ ഓഫീസിലേക്ക് കൊച്ചുതുരുത്തിലേയും, തെക്കുംഭാഗത്തേയും അലൈൻമെന്റിൽ ഉൾപ്പെട്ടു വരുന്ന ഭൂമി അളന്ന് തിട്ടപ്പെടുത്താൻ കത്ത് നൽകുകയും തെക്കുംഭാഗം ഭാഗത്ത് 19/01/2024-ലും, കൊച്ചുതുരുത്ത് ഭാഗത്ത് 28/02/2024-ലും സർവ്വേ നടപടികൾ പൂർത്തീകരിച്ചു. 27/06/2024-ൽ കൊച്ചുതുരുത്ത് ഭാഗത്തെ സർവ്വേ നടപടികളുടെ റിപ്പോർട്ട് LR ഓഫീസിൽ നിന്നും ലഭ്യമായിട്ടുണ്ട്. LA നടപടികൾക്ക് വേണ്ടിയുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനായി 1/07/2024-ൽ LA ഓഫീസിൽ നിന്നും സർവ്വേയർ-നെ നിയോഗിച്ചിട്ടുണ്ട്. LA നടപടികൾ പൂർത്തിയായി ഭൂമി പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉൾപ്പെടുത്തുന്ന മുറക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതാണ്.

**കെ.ആർ.എഫ്.ബി - പി.എം.യു**

1. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ അരിനല്ലൂർ-പെരിങ്ങാലം പാലം നിർമ്മാണം

ഈ പദ്ധതി 10.07.2017 തീയതിയിലെ GO (Rt) 942/2017/PWD പ്രകാരം 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി ലഭിച്ചു. തുടർന്ന് കിഫ്ബി Technical Appraisal Report (TAR) നൽകിയതിന്റെ അടിസ്ഥാനത്തിൽ പെരിങ്ങാലം ഭാഗത്തെ കൊന്നയിൽക്കടവുമായി ബന്ധിപ്പിക്കുന്നതിനുവേണ്ടി 2km അധിക അപ്രോച്ച് നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ RIQCL പൂർത്തീകരിച്ച് PWD, HDU-ന് നൽകിയിട്ടുണ്ട്. HDU, അലൈൻമെന്റ് തയ്യാറാക്കി വരികയാണ്. അലൈൻമെന്റ് Finalize ചെയ്ത് പുതുക്കിയ DPR തയ്യാറാക്കി കിഫ്ബിയിൽ നൽകുന്നതാണ്.

2. തീരദേശ ഹൈവേ

ഈ പദ്ധതിക്കായി 10.07.2017 തീയതിയിലെ GO(Rt) No.942/2017/PWD പ്രകാരം 6500 കോടി രൂപയുടെ ഭരണാനുമതിയും 20.08.2022 തീയതിയിലെ കിഫ്ബിയുടെ ORDER NO : PWD

| | | | |
|---|---|---|---|
| | | | 014-30/APR-4/2022/KIIFB പ്രകാരം ഭൂമി ഏറ്റെടുപ്പിനുൾപ്പെടെ 122 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികളോട് അനുബന്ധിച്ച് അലൈൻമെന്റ് സ്റ്റോൺ സ്ഥാപിക്കുന്ന പ്രവൃത്തി ജനങ്ങളുടെ എതിർപ്പ് മൂലം 1.5km മാത്രമേ കല്ലിടാൻ സാധിച്ചുള്ളൂ. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജനപ്രതിനിധികളും പൊതു ജനങ്ങളുമായി ചർച്ചകൾ നടന്നു വരുന്നു. റീച്ച് 2-ൽ ചവറ നിയോജക മണ്ഡലത്തിൽ വരുന്ന ഭാഗത്ത് കല്ലിടാൻ സാധിക്കാതിരുന്ന ഭാഗത്ത് Geo tag ചെയ്ത് 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനായി തഹസിൽദാറിനു സമർപ്പിച്ചിട്ടുണ്ട് .<br><br><u>കിഫ്ബി 2017-18 പദ്ധതി ഫാത്തിമ ഐലൻഡ് -മുക്കാട്ടുക്കടവ് -അരുളപ്പൻതുരുത്ത് പാലം നിർമ്മാണം</u><br><br>ഈ പദ്ധതിയ്ക്ക് 31.10.2016 തീയതിയിലെ GO(Rt) No. 1496/2016/PWD പ്രകാരം 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 16.03.2018 തീയതിയിലെ ORDER NO : APR-1/310/2018/KIIFB പ്രകാരം 15 കോടി രൂപയിൽ നിന്ന് പുതുക്കിയ സാമ്പത്തിക അനുമതി ആയ 21.93 കോടി രൂപ ലഭിച്ചിരുന്നു . 2 വർഷ പൂർത്തീകരണ കാലാവധി ഉണ്ടായിരുന്ന പ്രവൃത്തി 25/06/2020-ൽ ആണ് ആരംഭിച്ചത്. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി വിട്ട് നൽകുന്നതിൻ പ്രകാരമാണ് പദ്ധതി നടപ്പിലാക്കുന്നത്. ഭൂമി വിട്ട് നൽകുന്നതുമായി ബന്ധപ്പെട്ട് ഭൂവുടമകൾ നിരവധി തവണ എതിർപ്പ് കാണിച്ചതിനാൽ പദ്ധതി വിവിധ ഘട്ടങ്ങളിൽ തടസ്സപ്പെട്ടിരുന്നു. നിലവിൽ 75% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 18/11/2024 വരെ പ്രവർത്തിയുടെ സമയപരിധി നീട്ടുന്നതിനായുള്ള അപേക്ഷയിന്മേൽ നടപടികൾ കെ.ആർ.എഫ്.ബി.-പി.എം.യു-ൽ പുരോഗമിക്കുന്നു. |
| (ബി) | നിർമ്മാണം ആരംഭിച്ചിട്ടും പൂർത്തീകരിക്കുവാൻ കാലതാമസം വരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും കാലതാമസം നേരിടുന്നതിന്റെ കാരണവും വ്യക്തമാക്കാമോ? | (ബി) | **നിരത്ത് വിഭാഗം**<br><br>അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>**കെട്ടിട വിഭാഗം**<br><br>അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>**ദേശീയപാത വിഭാഗം**<br><br>OLD NH 66 ൽ ആൽത്തറമൂട് (CH 489/000) മുതൽ രാമൻകുളങ്ങര(CH:491/500) വരെയുള്ള ഭാഗമാണ് ചവറ നിയോജക മണ്ഡലത്തിന്റെ ഭാഗമായി വരുന്നത്. ടി ഭാഗം ഉൾപ്പെട്ട Traffic |

Safety- BC overlay from Altharamoodu(Ch: 489/000) to Mevaram (Ch:502/800) എന്ന പ്രവൃത്തിയുടെ റീ ടെണ്ടർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

OLD NH 66 ൽ ആൽത്തറമൂട് (Ch: 489/000) മുതൽ രാമൻകുളങ്ങര(Ch:491/500) വരെയുള്ള ഭാഗമാണ് ചവറ നിയോജക മണ്ഡലത്തിന്റെ ഭാഗമായി വരുന്നത്. ടി ഭാഗം ഉൾപ്പെട്ട Road Safety measures from Altharamoodu to Mevaram (Ch: 489/000 to 502/800) in Kollam District എന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. നിലവിൽ മഴമൂലം ടി പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്.

**പാലങ്ങൾ വിഭാഗം**

തെക്കുംഭാഗം - കൊച്ചുതുരുത്ത് പാലം നിർമ്മാണത്തിന് GO(Rt)No. 743/2023-PWD, തീയതി 07/06/2023 ഉത്തരവ് പ്രകാരം 14.33 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഇരുകരകളിലേയും ഭൂമി ഫ്രീ സറണ്ടറായി ലഭിക്കുമെന്ന ഉറപ്പിൻമേലാണ് ടി പ്രവൃത്തിക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നാൽ തെക്കുംഭാഗം - കാടൻമൂല ഭാഗത്ത് പാലത്തിന്റെ അലൈൻമെന്റിൽ വരുന്ന രണ്ട് വ്യക്തികളുടെ ഭൂമിയിൽ ഒരു വ്യക്തി മാത്രമേ ഭൂമി ഫ്രീ സറണ്ടറായി നല്ലാൻ സമ്മതിച്ചിട്ടുള്ളൂ. ശ്രീ.രാജശേഖരൻ എന്ന വ്യക്തിയുടെ ഭൂമി നടപടികളിലൂടെ മാത്രമേ വിട്ടു നൽകാൻ കഴിയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം തഹസിൽദാരുടെ ഓഫീസിലേക്ക് കൊച്ചുതുരുത്തിലേയും, തെക്കുംഭാഗത്തേയും അലൈൻമെന്റിൽ ഉൾപ്പെട്ടു വരുന്ന ഭൂമി അളന്ന് തിട്ടപ്പെടുത്താൻ കത്ത് നൽകുകയും തെക്കുംഭാഗം ഭാഗത്ത് 19/01/2024-ലും, കൊച്ചുതുരുത്ത് ഭാഗത്ത് 28/02/2024-ലും സർവ്വേ നടപടികൾ പൂർത്തീകരിച്ചു. 27/06/2024-ൽ കൊച്ചുതുരുത്ത് ഭാഗത്തെ സർവ്വേ നടപടികളുടെ റിപ്പോർട്ട് LR ഓഫീസിൽ നിന്നും ലഭ്യമായിട്ടുണ്ട്. LA നടപടികൾക്ക് വേണ്ടിയുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനായി 1/07/2024-ൽ LA ഓഫീസിൽ നിന്നും സർവ്വേയർ-നെ നിയോഗിച്ചിട്ടുണ്ട്. LA നടപടികൾ പൂർത്തിയായി ഭൂമി പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉൾപ്പെടുത്തുന്ന മുറക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതാണ്.

**കെ.ആർ.എഫ്.ബി - പി.എം.യു**

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ അരിനല്ലൂർ- പെരിങ്ങാലം പാലം നിർമ്മാണം

ഈ പദ്ധതി 10.07.2017 തീയതിയിലെ GO (Rt) 942/2017/PWD പ്രകാരം 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി ലഭിച്ചു. തുടർന്ന് കിഫ്ബി Technical Appraisal Report (TAR) നൽകിയതിന്റെ അടിസ്ഥാനത്തിൽ പെരിങ്ങാലം ഭാഗത്തെ കൊന്നയിൽക്കടവുമായി ബന്ധിപ്പിക്കുന്നതിനുവേണ്ടി 2km അധിക അപ്രോച്ച് നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ RIQCL പൂർത്തീകരിച്ച് PWD, HDU-ന് നൽകിയിട്ടുണ്ട്. HDU, അലൈൻമെന്റ് തയ്യാറാക്കി വരികയാണ്. അലൈൻമെന്റ് Finalize ചെയ്ത് പുതുക്കിയ DPR തയ്യാറാക്കി കിഫ്ബിയിൽ നൽകുന്നതാണ്.

2. തീരദേശ ഹൈവേ

ഈ പദ്ധതിക്കായി 10.07.2017 തീയതിയിലെ GO(Rt) No.942/2017/PWD പ്രകാരം 6500 കോടി രൂപയുടെ ഭരണാനുമതിയും 20.08.2022 തീയതിയിലെ കിഫ്ബിയുടെ ORDER NO : PWD 014-30/APR-4/2022/KIIFB പ്രകാരം ഭൂമി ഏറ്റെടുപ്പിനുൾപ്പെടെ 122 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികളോട് അനുബന്ധിച്ച് അലൈൻമെന്റ് സ്റ്റോൺ സ്ഥാപിക്കുന്ന പ്രവൃത്തി ജനങ്ങളുടെ എതിർപ്പ് മൂലം 1.5km മാത്രമേ കല്ലിടാൻ സാധിച്ചുള്ളൂ. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജനപ്രതിനിധികളും പൊതു ജനങ്ങളുമായി ചർച്ചകൾ നടന്നു വരുന്നു. റീച്ച് 2-ൽ ചവറ നിയോജക മണ്ഡലത്തിൽ വരുന്ന ഭാഗത്ത് കല്ലിടാൻ സാധിക്കാതിരുന്ന ഭാഗത്ത് Geo tag ചെയ്ത് 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനായി തഹസിൽദാറിനു സമർപ്പിച്ചിട്ടുണ്ട്.

<u>കിഫ്ബി 2017-18 പദ്ധതി ഫാത്തിമ ഐലൻഡ് -മുക്കാട്ടുക്കടവ് -അരുളപ്പൻതുരുത്ത് പാലം നിർമ്മാണം</u>

ഈ പദ്ധതിയ്ക്ക് 31.10.2016 തീയതിയിലെ GO(Rt) No. 1496/2016/PWD പ്രകാരം 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 16.03.2018 തീയതിയിലെ ORDER NO : APR-1/310/2018/KIIFB പ്രകാരം 15 കോടി രൂപയിൽ നിന്ന് പുതുക്കിയ സാമ്പത്തിക അനുമതി ആയ 21.93 കോടി രൂപ ലഭിച്ചിരുന്നു . 2 വർഷ പൂർത്തീകരണ കാലാവധി ഉണ്ടായിരുന്ന പ്രവൃത്തി 25/06/2020-ൽ ആണ് ആരംഭിച്ചത്. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി വിട്ട് നൽകുന്നതിൻ പ്രകാരമാണ് പദ്ധതി

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നത്. ഭൂമി വിട്ട് നൽകുന്നതുമായി ബന്ധപ്പെട്ട് ഭൂവുടമകൾ നിരവധി തവണ എതിർപ്പ് കാണിച്ചതിനാൽ പദ്ധതി വിവിധ ഘട്ടങ്ങളിൽ തടസ്സപ്പെട്ടിരുന്നു. നിലവിൽ 75% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 18/11/2024 വരെ പ്രവർത്തിയുടെ സമയപരിധി നീട്ടുന്നതിനായുള്ള അപേക്ഷയിന്മേൽ നടപടികൾ കെ.ആർ.എഫ്.ബി.-പി.എം.യു-ൽ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം -1- നിരത്ത് വിഭാഗം

| Sl. No | Name of work | As No & Date | Amount in Lakhs | Present Status |
|---|---|---|---|---|
| 1 | SF 2023-24 Providing BC overlay to Chavara-Pattakadavu road from Km. 5/000 to 9/0000 and Sasthamcotta-Pattakadavu road from Km. 1/200 to 4/800 | GO(Rt) No. 284/2024/PWD dated Thiruvananthapuram 28.02.2024 | 450 | TS estimate under scrutiny |
| 2 | RP work 2023 Providing BM &BC to Neendakara Grama Panchayathu office Mannathara via Velamthuruthu Ambili Jn Road | GO(Rt) No. 130/2024/PWD dated, Thiruvananthapuram 02.02.2024 | 324.3 | Tender stage (Delay due to MCC) |
| 3 | Budget provision 2023-24 Improvements by providing BM & BC to old NH-3bit roads | GO(Rt) No. 1089/2023/PWD dated 08.08.2023 | 122 | Tendered 8 times but no response. Estimate to be recasted |

അനുബന്ധം -2 - കെട്ടിട വിഭാഗം.

a) ഭരണാനുമതി ലഭിച്ച് നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികൾ

| ക്രമ നം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം | ഭരണാനുമതി നം. & തുക |
|---|---|---|---|
| 1 | ചവറ ബി.ജെ.എം. കോളേജിന് വനിത ഹോസ്റ്റൽ നിർമ്മാണം | കെട്ടിടം നിർമ്മിക്കേണ്ട സ്ഥലമായി കോളേജ് അധികൃതർ ചൂണ്ടിക്കാട്ടിയത് ചതുപ്പ് നിലം ആയതിനാൽ പ്രസ്തുത സ്ഥലം തരം മാറ്റി ലഭിച്ചതിനു ശേഷമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. | G.O(Rt) No. 880/2023/PWD dtd, 29.06.2023<br>തുക 650 ലക്ഷം |
| 2 | ചവറ ബി.ജെ.എം. കോളേജിന്റെ മുൻ വശത്തെ ചുറ്റു മതിൽ നിർമ്മാണം | എൻ.എച്ച്. 66 ന്റെ വീതി കൂട്ടുന്നതിന്റെ ഭാഗമായി ഏറ്റെടുത്ത ഭൂമിയുടെ അതിർത്തികൾ നിർണ്ണയിച്ച് നൽകുന്നതിൽ കാലതാമസം മൂലം പ്രവൃത്തി ആരംഭിച്ചിട്ടില്ല | G.O(Rt) No. 1368/2022/H.Edn<br>Dtd, 14.09.2023<br>തുക 157 ലക്ഷം |

(b) നിർമ്മാണം ആരംഭിച്ചിട്ടും പൂർത്തിയാകാത്ത പ്രവൃത്തികൾ

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കാലതാമസം നേരിടുന്നതിന്റെ കാരണം | ഭരണാനുമതി നം. & തുക |
|---|---|---|---|
| 1 | നീണ്ടകര വില്ലേജ് ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണം | പുത്തൻതുറ ക്ഷേത്രത്തിന്റെ ഉത്സവത്തോടനുബന്ധിച്ച് മേൽ പ്രവൃത്തി നിർത്തി വയ്ക്കാൻ ക്ഷേത്ര കമ്മറ്റി ഭാരവാഹികൾ അഭ്യർത്ഥിച്ചതു മൂലം നിർത്തി വയ്ക്കേണ്ടി വന്നതിനാലും ശക്തമായ മഴ തുടരുന്ന സാഹചര്യവും ആയതിനാൽ പ്രവൃത്തി നിർത്തി വച്ചു. ടി പ്രവൃത്തി അന്തിമഘട്ടത്തിലാണ്. 98% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. | No. DCKLM/3216/2022/E3<br>Dtd, 15.11.2022<br>തുക 50 ലക്ഷം |
| 2 | പുത്തൻ സങ്കേതം കയർ സൊസൈറ്റിയുടെ അറ്റകുറ്റ പണികൾ | കയർ ഉത്പാദന പ്രവൃത്തികൾ നടന്നു വരുന്നതിൻ മൂലവും കനത്ത മഴ കാരണവും തുടർ പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്. മേൽക്കൂരയുടെ വെൽഡിംഗ് വർക്ക് | A5/1721/23<br>dtd, 23.05.2023<br>തുക 30 ലക്ഷം |

| | | | |
|---|---|---|---|
| | | പുരോഗമിക്കുന്നു. 20% പ്രവൃത്തി പൂർത്തീകരിച്ചു | |
| 3 | പ്ലാൻ ഫണ്ട് 2022- 23 കോളീജിയറ്റ് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് സസ്റ്റനൻസ് ആന്റ് അപ്ഗ്രഡേഷൻ ഓഫ്ഇൻഫ്രാസ്ട്രക്ചർ ഇൻ ഗവ. ബി.ജെ.എം. കോളേജ് ചവറ - **Painting and other urgent maintenance work all building at BJM College Chavara** | യൂണിവേഴ്സിറ്റി എക്സാം നടക്കുന്നതിനാലും ഒഴിവു ദിവസങ്ങളിൽ മാത്രമേ പ്രവൃത്തി ചെയ്യാൻ സാധിച്ചിരുന്നുള്ളൂ എന്നതിനാലും പ്രവൃത്തി വൈകി. പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. 90% പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ട്. | ഭരണാനുമതി നം. G.O(Rt) No. 136/2022/PWD<br><br>തുക 55 ലക്ഷം |